# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.01.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി എൻസിസി, എൻഎസ്എസ് തുടങ്ങി വിവിധ വിഭാഗങ്ങളുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. മുഖ്യ അതിഥിയായി പങ്കെടുക്കുന്ന ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ ന്യൂഡൽഹിയിലെത്തി.

   **As part of the Republic Day celebrations, Prime Minister Narendra Modi will meet with various factions including NCC, NSS and others in New Delhi today. Indonesian President Prabowo Subianto who is the chief guest arrived in New Delhi.**

2. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ബിഹാറിലും ഉത്തർപ്രദേശിലും സന്ദർശനം നടത്തും. ലഖ്നൗവിൽ ഉത്തർപ്രദേശ് സംസ്ഥാന ദിനാഘോഷത്തിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

   **Vice President Jagdeep Dhankar will visit Bihar and Uttar Pradesh today. The Vice President will also attend the Uttar Pradesh State Day celebrations in Lucknow.**

3. ദേശീയ നഗര സഹകരണ ധനകാര്യ വികസന കോർപ്പറേഷൻ ഓഫീസ് കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ ഉദ്ഘാടനം ചെയ്യും. സഹകാർ കെ സമൃദ്ധിയുടെ ഭാഗമായി വിവിധ പദ്ധതികൾക്ക് തുടക്കമിടും.

   **Union Minister Amit Shah will inaugurate the National Urban Cooperative Finance Development Corporation office in Mumbai today. Will inagurate various projects as part of Sahakar K Samriddhi.**

4. പെൺകുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കണമെന്ന് ഓർമ്മിപ്പിച്ച് ഇന്ന് ദേശീയ ബാലികാ ദിനം.
Today is National Girl Child Day

5. കേന്ദ്രമന്ത്രി പ്രഹ്ളാദ് ജോഷി ഭരണഘടനാ അഭിമാന ദിന സെമിനാർ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
Union Minister Prahlad Joshi will inaugurate Constitution Pride Day seminar in Thiruvananthapuram today.

6. വനിതാ ഹോക്കി ലീഗിൽ ഒഡീഷ വാരിയേഴ്സ് ഫൈനലിൽ.
Odisha Warriors enter Women's Hockey League final.

&&&&&&&&&&&&&&&&&&

## REPUBLIC DAY

റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ഇതിന്റെ ഭാഗമായി ഇന്നലെ ഫുൾഡ്രസ് റിഹേഴ്സൽ കർതവ്യപഥിൽ നടന്നു. സൈന്യത്തിന്റെ മാർച്ച്പാസ്റ്റും സംസ്ഥാനങ്ങളിൽ നിന്നുള്ള നിശ്ചലദൃശ്യങ്ങളും ഉണ്ടായിരുന്നു.കനത്ത സുരക്ഷയാണ് രാജ്യതലസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## PM – NCC CADETS

റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി എൻസിസി, എൻഎസ്എസ്, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കേഡറ്റുകൾ, ടാബ്ലോ കലാകാരന്മാർ, ഗോത്രവിഭാഗക്കാർ എന്നിവരുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. ഭരണഘടനയുടെ 75-ാം വാർഷിക ആഘോഷവുമായി ബന്ധപ്പെട്ട് രണ്ട് നിശ്ചല ദൃശ്യങ്ങളാണ് റിപ്പബ്ലിക് ദിന പരേഡിൽ അണിനിരക്കുന്നത്. വിവിധ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ, മന്ത്രാലയങ്ങൾ വകുപ്പുകൾ എന്നിവയിൽ നിന്നുള്ള 31 നിശ്ചല ദൃശ്യങ്ങളും പരേഡിൽ അണിനിരക്കും. ഗോത്ര നേതാവായിരുന്ന ബിർസ മുണ്ടയുടെയും സർദാർ വല്ലഭായ് പട്ടേലിൻ്റെയും കാലാവസ്ഥാ

വകുപ്പിൻ്റെയും 150-ാം ആഘോഷങ്ങളുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ ഉണ്ടാകും. രാജ്യത്തിൻ്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 300 കലാകാരന്മാർ പരേഡിൽ വിവിധ പരിപാടികൾ അവതരിപ്പിക്കും .

&&&&&&&&&&&&&&&&&&

## REPUBLIC – HARI KRISHNAN KERALA( INTRO)

റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കാൻ കേരളത്തിൽ നിന്നും അവസരം ലഭിച്ച അമ്പലപ്പുഴ സ്വദേശിയും എസ് എൻ എം ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിയുമായ

ഹരികൃഷ്ണൻ ആകാശവാണി വാർത്തകളോട്....

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## INDONESIAN PREZ VISIT

76-ാം റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന ഇന്തോനേഷ്യൻ പ്രസിഡൻറ് പ്രബോവോ സുബിയാന്തോ ന്യൂഡൽഹിയിലെത്തി. വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരീത അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. നാല് ദിവസത്തെ സന്ദർശനത്തിനിടെ ഇന്തോനേഷ്യൻ പ്രസിഡൻറ്, രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ എന്നിവരുമായി കൂടിക്കാഴ്ച നടത്തും. രാഷട്രപതി ഭവനിൽ പ്രബോവോ സുബിയാന്തോയ്ക്ക് ആചാരപരമായ വരവേൽപ് നൽകും. ഉഭയകക്ഷി ബന്ധം, ആഗോള- മേഖലാതല വിഷയങ്ങൾ തുടങ്ങിയവയിൽ ചർച്ച നടക്കും.

&&&&&&&&&&&&&&&&&&

## VP – BIHAR – UP

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ബിഹാറിലും ഉത്തർപ്രദേശിലും സന്ദർശനം നടത്തും. ഭാരതരത്ന ശ്രീ കർപ്പൂരി താക്കൂറിൻ്റെ 101-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് ബിഹാറിലെ സമസ്തിപൂരിൽ നടക്കുന്ന ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. ലഖ്നൗവിൽ ഉത്തർപ്രദേശ് സംസ്ഥാന ദിനാഘോഷത്തിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## AMIT SHAH – NUCFDC

ദേശീയ നഗര സഹകരണ ധനകാര്യ വികസന കോർപ്പറേഷൻ ഓഫീസ് കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ ഉദ്ഘാടനം ചെയ്യും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സഹകാർ കെ സമൃദ്ധി എന്ന കാഴ്ചപ്പാടിൻറെ ഭാഗമായുള്ള വിവിധ പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും.

2025 അന്താരാഷ്ട്ര സഹകരണ വർഷമായി ആചരിക്കുന്നതിന് മുന്നോടിയായുള്ള വാർഷിക കലണ്ടറും ശ്രീ അമിത് ഷാ പ്രകാശനം ചെയ്യും. പുതുതായി രൂപീകരിക്കുന്ന 10,000 വിവിധോദ്ദേശ്യ സഹകരണ സൊസൈറ്റികളുടെ പരിശീലന പരിപാടിക്കും കേന്ദ്രമന്ത്രി തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&&

## HALWA CEREMONY

കേന്ദ്ര ബജറ്റ് തയ്യാറാക്കൽ പ്രക്രിയയുടെ അവസാന ഘട്ടത്തിൽ ധനമന്ത്രി നിർമല സീതാരാമന്റെ നേതൃത്വത്തിൽ ഇന്ന്

ന്യൂഡൽഹിയിൽ ഹൽവ ചടങ്ങ് നടക്കും. ചടങ്ങിൽ ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരിയും സെക്രട്ടറിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും. അടുത്തമാസം ഒന്നിനാണ് കേന്ദ്ര ബജറ്റ്.

&&&&&&&&&&&&&&&&&&

## NATIONAL GIRL CHILD DAY

പെൺകുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കണമെന്ന് ഓർമ്മിപ്പിച്ച് ഇന്ന് ദേശീയ ബാലികാ ദിനം. **'ഉജ്ജ്വലമായ ഭാവിക്കായി പെൺകുട്ടികളെ ശാക്തീകരിക്കുക'** എന്നതാണ് ഈ വർഷത്തെ പ്രമേയം. രാജ്യത്ത് പെൺകുട്ടികൾ നേരിടുന്ന അസമത്വങ്ങളെക്കുറിച്ച് പൊതു അവബോധം സൃഷ്ടിക്കുന്നതിനായി കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയമാണ് 2008 ജനുവരി 24 മുതൽ ദേശീയ ബാലികാ ദിനാചരണത്തിന് തുടക്കമിട്ടത്.

&&&&&&&&&&&&&&&&&&

## VAISHNAW-INTERVIEW

ഇന്ത്യയുടെ സാമ്പത്തിക വളർച്ച ആറ് ശതമാനത്തിനും എട്ട് ശതമാനത്തിനും ഇടയിലായിരിക്കുമെന്ന് വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ്. പണപ്പെരുപ്പം വരും വർഷങ്ങളിൽ നിയന്ത്രണ വിധേയമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. സ്വിട്സർലൻഡിലെ ദാവോസിൽ ടെലിവിഷൻ ചാനലിനോട് സംസാരിക്കുകയായിരുന്നു മന്ത്രി. അർദ്ധചാലക ഉത്പാദനത്തിൽ വരുംവർഷങ്ങളിൽ ഇന്ത്യ ലോകത്തെ ആദ്യ മൂന്ന് രാജ്യങ്ങളുടെ പട്ടികയിൽ എത്തുമെന്നാണ് കരുതുന്നത്. ഐ.ടി മേഖല പോലെ നിർമിതബുദ്ധി രംഗത്തും ഇന്ത്യയ്ക്ക് മികവ് കാട്ടാനാകുമെന്നാണ് വിദ്ഗദ്ധർ പറയുന്നതെന്നും ശ്രീ.അശ്വിനി വൈഷ്ണവ് പറഞ്ഞു. നിക്ഷേപത്തിന് അനുയോജ്യമായ രാജ്യമാണ് ഇന്ത്യയെന്നും വ്യാപാര നികുതി ലളിതവത്കരിക്കുന്നത്

സർക്കാരിന്റെ പ്രധാന അജണ്ടയാണെന്നും അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## PRAHLAD JOSHI

കേന്ദ്രമന്ത്രി പ്രഹ്ളാദ് ജോഷി ഭരണഘടനാ അഭിമാന ദിന സെമിനാർ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. വൈകുന്നേരം നാല് മണിക്ക് തമ്പാനൂരാണ് പരിപാടി.

&&&&&&&&&&&&&&&&&&

## HOCKEY – HIL

പുരുഷ ഹോക്കി ലീഗിൽ തമിഴ്നാട് ഡ്രാഗൺസ് ഹൈദ്രാബാദ് തുഫാൻസിനെ പെനാൽറ്റി ഷൂട്ടൗട്ടിൽ പരാജയപ്പെടുത്തി. നിശ്ചിത സമയത്ത് 2-2 എന്ന സ്കോറിന് തുല്യത പാലിച്ചതിനെ തുടർന്ന് 4-3 എന്ന സ്കോറിനാണ് പെനാൽട്ടി ഷൂട്ടൗട്ടിൽ തമിഴ്നാട് ഡ്രാഗൺസ് വിജയിച്ചത്. അതേസമയം, വനിതാ ഹോക്കി ലീഗിൽ റാഞ്ചിയിലെ മത്സരത്തിൽ ഡൽഹി എസ്.ജി പൈപ്പേഴ്സ് 3-2 എന്ന സ്കോറിന് ഒഡീഷ വാരിയേഴ്സിനെ തോൽപിച്ചു.പെനാൽട്ടി ഷൂട്ടൗട്ടിൽ ആണ് ഡൽഹി എസ്.ജി പൈപ്പേഴ്സിൻറെ വിജയം. എന്നാൽ തോൽവി നേരിട്ടെങ്കിലും ഒഡീഷ വാരിയേഴ്സ് ഫൈനലിലേക്ക് യോഗ്യത നേടി. ഇന്നത്തെ മത്സരത്തിൽ വനിതാ ലീഗിൽ, ജെ.എസ്.ഡബ്ല്യു സൂർമ ഹോക്കി ക്ലബ് , ശ്രാചി റാർ ബംഗാൾ ടൈഗേഴ്സിനെ നേരിടും. പുരുഷ ലീഗിൽ ശ്രാചി റാർ ബംഗാൾ ടൈഗേഴ്സ്, വേദാന്ത കലിംഗ ലാൻഡേഴ്സുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

## FOOTBALL – ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ ജംഷഡ്പൂരിനെ പരാജയപ്പെടുത്തി ഹൈദരാബാദിന് ജയം. 3-2 എന്ന സ്കോറിനാണ് ഹൈദരാബാദ് വിജയിച്ചത്. ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകുന്നേരം 7:30 ന് കൊൽക്കത്തയിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## MALAPPURAM– ELEPHANT RESCUE

മലപ്പുറം ഊർങ്ങാട്ടിരിയിൽ കിണറ്റിൽ വീണ കാട്ടാനയെ രക്ഷപ്പെടുത്തി. 21 മണിക്കൂർ നീണ്ട പരിശ്രമത്തിനൊടുവിലാണ് ആനയെ ഇന്നലെ രാത്രി പത്ത് മണിയോടെ രക്ഷപ്പെടുത്തിയത്. ജെസിബി ഉപയോഗിച്ച് കിണർ പൊളിച്ച് വഴിയൊരുക്കിയാണ് ആനയെ കരക്കെത്തിച്ചത്. പ്രദേശത്ത് നിരോധനാജ്ഞ പ്രഖ്യാപിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## DELHI ASSEMBLY ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. ബിജെപിയും കോൺഗ്രസും എ.എ.പി ഉൾപ്പെടെയുള്ള പാർട്ടികൾ, റോഡ് ഷോകളും റാലികളും പൊതുയോഗങ്ങളുമായി സജീവമാണ്. മുതിർന്ന ബിജെപി നേതാവും ഉത്തർപ്രദേശ് മുഖ്യമന്ത്രിയുമായ യോഗി ആദിത്യനാഥ്, ബിജെപി ദേശീയ അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെപി നഡ്ഡ, ആം ആദ്മി പാർട്ടി കൺവീനർ അരവിന്ദ് കെജ്രിവാൾ തുടങ്ങിയ പ്രമുഖർ ഇന്നലെ വിവിധ പൊതുയോഗങ്ങളിലും റാലികളിലും പങ്കെടുത്തു. 70 മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പ് അടുത്തമാസം 5 നാണ്. വോട്ടെണ്ണൽ എട്ടിന് നടക്കും.

&&&&&&&&&&&&&&&&&&

## TRUMP-WEF

പ്രതിരോധ ചെലവ് വർധിപ്പിക്കാൻ നാറ്റോ രാജ്യങ്ങളോട് ആവശ്യപ്പെട്ട് യു എസ് പ്രസിഡൻ്റ് ഡൊണാൾഡ് ട്രംപ്. ദാവോസിലെ ലോക സാമ്പത്തിക ഫോറത്തിലാണ് ട്രംപ് നിലപാട് അറിയിച്ചത്. നാറ്റോ രാജ്യങ്ങൾ പ്രതിരോധത്തിനായി ചിലവഴിക്കുന്ന തുക മൊത്ത ആഭ്യന്തര ഉത്പാദനത്തിൻറെ 5 ശതമാനമായി ഉയർത്തണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. പശ്ചിമേഷ്യയിലെ വെടിനിർത്തൽ ചർച്ചകൾ ഉൾപ്പെടെ വിവിധ അന്താരാഷ്ട്ര വിഷയങ്ങളെ കുറിച്ചും ട്രംപ് സംസാരിച്ചു. എണ്ണവില കുറയ്ക്കാൻ സൗദി അറേബ്യയോടും ഒപെക് രാജ്യങ്ങളോടും യു.എസ് പ്രസിഡൻ്റ് ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&&

## KHELO INDIA WINTER GAMES 2025

ഖേലോ ഇന്ത്യ ശീതകാല ഗെയിംസ് 2025 ന് ലഡാക്കിലെ ലേയിൽ ഇന്ന് തുടക്കം. ഖേലോ ഇന്ത്യ ശീതകാല ഗെയിംസിന്റെ ആദ്യഘട്ടം ലഡാക്കിൽ ഈ മാസം 23 മുതൽ 27 വരെയാണ്. രണ്ടാംഘട്ടം ജമ്മു കാശ്മീരിൽ ഫെബ്രുവരി 22 മുതൽ 25 വരെയും. സംസ്ഥാന , കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമായി 400 ൽ ഏറെ കായികതാരങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## PM-KHELO INDIA

അഞ്ചാമത് ഖേലോ ഇന്ത്യ ശീതകാല ഗെയിംസിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസ അറിയിച്ചു. സാമൂഹ്യ മാധ്യമത്തിലൂടെയാണ് പ്രധാനമന്ത്രി ആശംസ അറിയിച്ചത്.

&&&&&&&&&&&&&&&&&&

## NATIONAL SCHOOL BAND FINALE

ദേശീയ സ്കൂൾ ബാൻഡ് മത്സരം 6.0 ഗ്രാൻ ഫിനാലെ ന്യൂഡൽഹിയിലെ മേജർ ധ്യാൻ ചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ ഇന്ന് നടക്കും. നാളെയാണ് സമാപിക്കുക. വിദ്യാഭ്യാസ മന്ത്രാലയം പ്രതിരോധ മന്ത്രാലയവുമായി ചേർന്നാണ് ഗ്രാൻ ഫിനാലെ സംഘടിപ്പിക്കുന്നത്. സംസ്ഥാനതല മേഖലാതല മത്സരങ്ങളിലൂടെ കടന്നുവന്ന 13 സംസ്ഥാനങ്ങളിൽ നിന്നുള്ള 16 ടീമുകളാണ് ഫിനാലെയിൽ പങ്കെടുക്കുന്നത്. ഇത്തവണ ആദ്യമായി മൂന്ന് സർക്കാർ വിദ്യാലയങ്ങളിൽ നിന്നുള്ള ടീമുകൾക്ക് റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കാൻ അവസരമുണ്ട്.

&&&&&&&&&&&&&&&&&&

## MAHAKUMBH- CULTURAL HERITAGE

ഉത്തർപ്രദേശിലെ പ്രയാഗ് രാജിൽ നടക്കുന്ന മഹാകുംഭമേളയിൽ പങ്കെടുക്കാൻ വലിയ തോതിൽ തീർഥാടകരെത്തുന്നു. ഇതുവരെ 10 കോടി 21 ലക്ഷത്തിലധികം തീർഥാടകരാണ് ത്രിവേണി സംഗമത്തിൽ സ്നാനം ചെയ്തത്. ആഗോളതലത്തിൽ രാജ്യത്തിന്റെ പൈതൃകവും സാംസ്കാരികതയും സാമ്പത്തിക പുരോഗതിയും വെളിപ്പെടുത്തുന്നതാണ് മഹാകുംഭമേള. ഈമാസം 13 ന് തുടങ്ങിയ മഹാകുംഭമേള അടുത്തമാസം 26 ന് ശിവരാത്രിയോടെ സമാപിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&